## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.5464

25.10.2011-ൽ
മറുപടി നൽകേണ്ടത്

### കല്ലിയൂർ വില്ലേജിലെ കണ്ടുകൃഷി ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ( റവന്യൂ വകുപ്പ് മന്ത്രി) |
| (എ)തിരുവനന്തപുരം ജില്ലയിൽ കല്ലിയൂർ വില്ലേജിലെ കണ്ടുകൃഷി ഭൂമി പതിവ് സംബന്ധിച്ച് വെങ്ങാനൂർ നെല്ലിവിള, ജെ.എസ്.ഭവനിൽ ശ്രീമതി.പ്രീത സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് ശ്രീമതി.പ്രീത ഒരു നിവേദനം സമർപ്പിച്ചിരുന്നു. |
| (ബി)പ്രസ്തുത അപേക്ഷയിൽ നടപടിയെടുക്കാൻ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നാണ് ലാന്റ് ബോർഡ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയത്; | (ബി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 03.03.2011-ലെ സർക്കാർ കത്ത് പ്രകാരം 1958-ലെ കേരള കണ്ടുകൃഷി ഭൂമി പതിവ് ചട്ടം അനുസരിച്ച് ഭൂമി അസൈൻ ചെയ്ത് നല്കാൻ നടപടി സ്വീകരിക്കണമെന്ന് ലാന്റ് ബോർഡ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തെല്ലാം നടപടികളെടുത്തു; | (സി) കണ്ടുകൃഷിഭൂമി പതിച്ചു ലഭിക്കുന്നതിനായി ശ്രീമതി.കെ.ബി.പ്രീതയുടെ പിതാവ് ശ്രീ.കൃഷ്ണൻകുട്ടി നാടാരാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ പതിവ് നടപടികൾ നടന്നുവരവെ ടിയാൻ മരണപ്പെട്ടതിനാൽ പതിവുമായി ബന്ധപ്പെട്ട രേഖകൾ ന്യൂനതകൾ പരിഹരിച്ച് നൽകുന്നതിലേക്കായി തിരുവനന്തപുരം ശ്രീ പണ്ടാരവക സ്പെഷ്യൽ തഹസിൽദാർ, കക്ഷിയ്ക്ക് ജാതി/വരുമാന സർട്ടിഫിക്കറ്റ്, നിശ്ചിത ഫാറത്തിലുള്ള അപേക്ഷ എന്നിവ സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ ടി കക്ഷി ടി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. |

| | |
|---|---|
| (ഡി)പ്രസ്തുത നിർദ്ദേശ പ്രകാരം അപേക്ഷകയ്ക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സം എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ഡി)കണ്ടുകൃഷി ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ രേഖകൾ സഹിതം അപേക്ഷ ഹാജരാക്കിയാൽ പട്ടയം നൽകുന്നതിന് നിയമ തടസ്സമില്ല. |
| (ഇ)അപേക്ഷകയ്ക്ക് എന്ന് പട്ടയം നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഇ)കണ്ടുകൃഷി ഭൂമി പതിവിനുള്ള അപേക്ഷയും രേഖകളും കക്ഷി ഹാജരാക്കുന്ന മുറയ്ക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ